മേഖലയിലേക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പാക്കണമെന്നും എയർലൈനുകൾ തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും നോർക്ക വകുപ്പ് കേന്ദ്ര വ്യോമയാന വകുപ്പിനോടും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും എയർ ഇന്ത്യ എക്സ്പ്രസ്സിനോടും കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു. യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് എയർലൈനുകൾ യാത്രാക്കൂലി നിശ്ചയിക്കുന്ന രീതി അറിയുന്നതിനും പട്ടികയിലുള്ള ആഭ്യന്തര എയർലൈനുകൾ അമിത നിരക്ക് ഈടാക്കുന്നതും പൊടുന്നനെ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതും തടയുവാനും എയർലൈനുകൾ അവരുടെ വെബ്സൈറ്റിൽ ഓരോ റൂട്ടിലേയും എല്ലാ വിഭാഗത്തിലുമുള്ള ടിക്കറ്റ് നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർലൈനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിമാന കമ്പനികളുമായി നേരിട്ട് ചർച്ചകളൊന്നും നടത്തിയിട്ടില്ല.

പ്രോട്ടോക്കോൾ പദവി

45(5630) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് മുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർക്ക് പ്രോട്ടോക്കോൾ പദവി നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനും, വഖഫ് ബോർഡ് ചെയർമാനും ഇതിൽ ഉൾപ്പെടുമോ ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ ;

(സി) മുൻ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും പൊതുചടങ്ങുകളിലെ പ്രോട്ടോക്കോൾ വിശദമാക്കാമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് സർക്കാർ പ്രോട്ടോക്കോൾ പദവി നൽകിയിട്ടില്ല.

(ബി) ഇല്ല.

(സി) മുൻ എം.എൽ.എ.-മാർക്കും, എം.പി.-മാർക്കും പ്രോട്ടോക്കോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly